# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *112

02..03..2017 -ൽ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ കച്ചവടവത്ക്കരണം

*ചോദ്യം*

ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. ജി.എസ്.ജയലാൽ
ശ്രീ. ഇ.കെ.വിജയൻ
ശ്രീ. കെ.രാജൻ

*ഉത്തരം*

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) പാമ്പാടി നെഹ്റുകോളേജിലെ വിദ്യാർത്ഥിയുടെ മരണത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാരും സാങ്കേതിക സർവ്വകലാശാലയും സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (എ) പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ മരണത്തിന്റെ പശ്ചാത്തലത്തിൽ സാങ്കേതിക സർവ്വകലാശാല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ എല്ലാ കോളേജുകളിലും നിയമാനുസൃതമായി പി.ടി.എ. സംവിധാനം നടപ്പിലാക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥി വിരുദ്ധ നടപടികൾ അവലോകനം ചെയ്യുന്നതിനും യുക്തമായ നടപടി സ്വീകരിക്കുന്നതിനുമായി സാങ്കേതിക സർവ്വകലാശാലയിൽ ഒരു ഓംബുഡ്സ്മാനെ നിയമിക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) സ്വാശ്രയകോളേജുകളിലെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ പരിശോധിക്കുന്ന സമിതി, പാഠ്യേതര പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ താമസ സൗകര്യം, പരീക്ഷ നടത്തിപ്പ്, ഇന്റേണൽ അസ്സസ്മെന്റ് എന്നിവയും വിലയിരുത്തുമോയെന്ന് അറിയിക്കുമോ; | (ബി) സ്വാശ്രയ കോളേജുകളെ സംബന്ധിച്ച വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്ക്കാരങ്ങൾക്കുമായി നാല് സർവ്വകലാശാലാ വി.സി.മാർ അടങ്ങിയ ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്. കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി സ്ഥാപനങ്ങളുടെ അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി ഇ.വി.സി. (എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റി) രൂപീകരിക്കുകയും ആയത് വിലയിരുത്തുകയും ചെയ്യാറുണ്ട്. അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗ് നടത്തിവരുന്നു. |
| (സി) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പ്രകാരം പ്രവർത്തനം തൃപ്തികരമല്ലാത്ത കോളജുകളുടെ അഫിലിയേഷൻ റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ഡി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ കച്ചവടവത്ക്കരണം അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) യും (ഡി) യും ഉന്നത വിദ്യാഭ്യാസ മേഖലയിൽ കച്ചവടവത്ക്കരണം നടന്നിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ സർക്കാരിൽ നിന്നും എ.ഐ.സി.റ്റി.ഇ, സർവ്വകലാശാലകൾ എന്നിവയിൽ നിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കും, നിബന്ധനകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |

*സെക്ഷൻ ഓഫീസർ*